**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 926** **29-08-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗത്തിൽ അധികമായി ഉൾപ്പെടുത്തിയ വിഭാഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്ക വിഭാഗത്തിൽ അധികമായി ഉൾപ്പെടുത്തിയ വിഭാഗങ്ങൾ ഏതെല്ലാം; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം SIUC ഒഴികെ ക്രിസ്തുമത വിഭാഗത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായത്തെയും, കുമാര ക്ഷത്രിയ, പുല്ലുവ ഗൗണ്ടർ, വേട്ടുവ ഗൗണ്ടർ, പടയാച്ചി ഗൗണ്ടർ, കാവലിയ ഗൗണ്ടർ എന്നീ വിഭാഗങ്ങളെയും പുതുതായി ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുരുക്കൾ / ഗുരുക്കൾ, ചെട്ടിയാർ, ഹിന്ദു ചെട്ടി, പപ്പട ചെട്ടി വിഭാഗങ്ങളെ വീരശൈവയുടെ ഉപവിഭാഗമായും ഉൾപ്പെടുത്തി ഉത്തരവായി ട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗങ്ങളെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട കാരണങ്ങൾ,മാനദണ്ഡങ്ങൾ എന്നിവ വെളിപ്പെടുത്തുമോ; | (ബി) | കിർത്താഡ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ടി വിഭാഗങ്ങളെ സംസ്ഥാന പിന്നാക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുള്ളത്. |
| (സി) | ടി വിഭാഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുമൂലം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാന സർക്കാർ സർവ്വീസിൽ സംവരണം ലഭ്യമാകുന്നതാണ്. |
| (ഡി) | ഇനിയും ഏതെല്ലാം വിഭാഗങ്ങളെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | നിലവിൽ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സമുദായങ്ങളെ പുതുതായി പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുവാനുള്ള നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ